ശ്രീ. കെ. കെ. വിശ്വനാഥൻ: സമുദായസൗഹാർദ്ദം അപകടപ്പെടുത്തുന്ന എന്തെല്ലാം കാര്യങ്ങളാ, അതൊക്കെയാണ് പറഞ്ഞിട്ടുള്ളത്?

ശ്രീ. സി. അച്യുതമേനോൻ: വിശദവിവരം ഇപ്പോൾ പറയുന്നില്ല; റിപ്പോർട്ട് കിട്ടിയിട്ടുണ്ട്.

ശ്രീ. കെ. കെ. വിശ്വനാഥൻ: ഇങ്ങനെയുള്ള റിപ്പോർട്ടുകൾ പല റിപ്പോർട്ടുകളായിട്ടല്ലാതെ, നിയമസമാധാനത്തെ അപകടപ്പെടുത്തുകയും, സമുദായസൗഹാർദ്ദം തകർക്കുകയും ചെയ്യുന്ന തരത്തിലുള്ള ചില സമുദായ നേതാക്കന്മാരുടെ പ്രസംഗങ്ങളെപ്പറ്റി ഔദ്യോഗികമായി റിപ്പോർട്ടുണ്ടെന്നു പറയുന്നു. അങ്ങനെയുള്ള എന്തെല്ലാം കാര്യങ്ങളാണ് പ്രസംഗിച്ചിട്ടുള്ളതെന്നു ഔദ്യോഗികമായി റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: പോലീസു റിപ്പോർട്ടുണ്ട്; എതൊക്കെയാണ് എന്നും മറ്റുമുള്ള വിവരം ഇപ്പോൾ പറയണമെന്നുദ്ദേശിക്കുന്നില്ല.

എക്സ്പ്രസ് സർവ്വീസ്.

* 1572. [2] ശ്രീ. സി. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല, പാലാ എന്നീ പ്രദേശങ്ങളിൽകൂടി കോട്ടയം-എറണാകുളം റൂട്ടിൽ എക്സ്പ്രസ് സർവ്വീസ് ഓടുന്നതിനുള്ള കാണിച്ച് ഗവണ്മെന്റ് ഗസറ്റപരസ്യം ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നു പരസ്യം ചെയ്തു; എന്നാരംഭിക്കുമെന്നു നിശ്ചയിച്ചിരുന്നു, ആരംഭിക്കാതിരിക്കാൻ കാരണമെന്ത്?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്):

(എ) മേല്പടി റൂട്ടിൽ പാസഞ്ചർ സർവ്വീസ് ഓടുന്നതിനു ഗസറ്റിൽ പരസ്യം ചെയ്തിട്ടുണ്ട്.

(ബി) 27-1-1959-ൽ; 1-3-1959 മുതൽ നിയമപ്രകാരമുള്ള നടപടികൾ പൂർത്തിയാകാത്തതുകൊണ്ട് ആരംഭിക്കാൻ സാധിച്ചിട്ടില്ല.

அரசியல் காரணங்களுக்காக கவர்ன்மென்ட் சர்வீஸ்களிலி நந்து நீக்கப்பட்டவர்கள்.

* 1573. [3] ஸ்ரீ. என். கணபதி: கீழ் காணும் விஷயங்களுக்கு முதன் மந்திரி அவர்கள் விடை பகர்வார்களாக:

(எ) அரசியல் காரணங்களுக்காக 1-4-1948 முதல் 1-4-1958 வரை எத்தனை நபர்கள் கவர்மென்ட் சர்வீஸ்களிலிருந்து டிஸ்மிஸ் செய்யப்பட்டது;

(பி) 1-4-1958-க்குப் பிறகு எத்தனை பேர்களுக்கு திரும்பவும் வேலை கொடுக்கப்பட்டது;

(ஸி) அவர்களுக்கு முந்திய பாக்கி சம்பளம் கொடுக்கப்பட்டதா;

(டி) கொடுக்கப்பட்டிருந்தால் தொகை எவ்வளவு;

(இ) இல்லையானால் காரணம் என்ன?

LIBRARY ARCHIVES Kerala Legislative Assembly

Chief Minister (Shri E. M. S. Namboodiripad): Particulars are being collected.

സൈക്കിൾ ഫാക്ടറി.

*1574. [4] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാപ്പനംകോട്ട് സൈക്കിൾ ഫാക്ടറിയിൽ ഉദ്യോഗസ്ഥന്മാർക്ക് ശമ്പളം ഇനത്തിൽ പ്രതിമാസം എന്തു ചെലവാകും;

(ബി) സൈക്കിളിന്റെ ഏതെല്ലാം ഭാഗങ്ങൾ വാങ്ങുന്നുണ്ട്;

(സി) വല്ല സാങ്കേതിക വിദഗ്ദ്ധന്മാരെയും നിയമിച്ചിട്ടുണ്ടോ;

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. പി. ഗോപാലൻ):

(എ) 1,204 രൂ.

(ബി) ഫ്രെയിം ഒഴികെ ബാക്കിയുള്ള ഭാഗങ്ങൾ ഇപ്പോൾ വാങ്ങുന്നുണ്ട്.

(സി) ഉണ്ട്; ഇപ്പോൾ, വർക്സ് മാനേജരും, ഫോർമാനും ഉണ്ട്.

ശ്രീ. പി. ഗോപാലൻ: സൈക്കിൾ നിർമ്മിക്കുന്നതിനുള്ള ഭാഗങ്ങളിൽ എത്ര ശതമാനം അവിടെ ഉൽപ്പാദിപ്പിക്കുന്നുണ്ട്?

ശ്രീ. കെ. പി. ഗോപാലൻ: ഫ്രെയിം മാത്രമേ ഉൽപ്പാദിപ്പിക്കുന്നുള്ളൂ; ബാക്കിയുള്ള ഭാഗം മുഴുവൻ വെളിയിൽനിന്നും വാങ്ങുകയാണ് ചെയ്യുന്നത്.

കേരളത്തിലെ ഔദ്യോഗിക ഭാഷ.

*1575. [5] ശ്രീ. പി. ആർ. ഫ്രാൻസിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഔദ്യോഗികഭാഷ മലയാളത്തിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നത്തേക്ക് ആക്കും;

(സി) ഇംഗ്ലീഷിന്റെയും ഹിന്ദിയുടെയും നില എന്തായിരിക്കും?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്):

(എ) ഉണ്ട്.

(ബി) തീരുമാനിച്ചിട്ടില്ല.

(സി) ഈ സ്റ്റേറ്റും, മറ്റു സ്റ്റേറ്റുകളും, കേന്ദ്രവും തമ്മിലുള്ള കത്തിടപാടുകളും, കേന്ദ്രം നിശ്ചയിക്കുന്ന മറ്റു കാര്യങ്ങളും നടത്തുന്നതിനു് ഈ ഭാഷകൾ ഉപയോഗിക്കും.

ശ്രീ. കെ. ഹസ്സൻ ഗനി: ഇതിനുവേണ്ടി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

ശ്രീ ഇ. എം. എസ്. നമ്പൂതിരിപ്പാട്: ഇതു സംബന്ധിച്ചു് ഒരു കമ്മിറ്റിയെ നിയമിച്ചു; കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതായി ബഹു മാനപ്പെട്ട അംഗത്തിനറിയാം. കമ്മിറ്റി, ഇതുസംബന്ധിച്ചു് ഒരു മെമ്മോറാണ്ടം തയ്യാറാക്കിയിട്ടുണ്ട്. അതു അച്ചടിപ്പിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly